കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി പ്രതിവർഷം ഇവിടെനിന്നും വാടകയിനത്തിൽ ലഭിച്ച തുക ചുവടെ ചേർക്കുന്നു :

2010-11	-	4,45,510 രൂപ
2011-12	-	4,46,130 "
2012-13	-	4,01,868 "
2013-14	-	4,88,833 "
2014-15	-	4,20,315 "

(സി) കറ്റാലം പാലസിൽ കൊല്ലം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം മുറികൾ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കാവുന്നതാണ്.

എൻ.എച്ച്. 220 -ന്റെ വീതി കൂട്ടാനുള്ള പണികൾ

262 .(5347) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്.220 (കോട്ടയം-കുമളി)-ന്റെ വീതി കൂട്ടാനുള്ള പണികൾ എന്നാണ് ആരംഭിക്കുക ;

(ബി) മേൽപ്പറഞ്ഞ റോഡിൽ വാഴൂർ പുളിക്കൽ കവലമുതൽ പൊൻകുന്നം വരെയുള്ള ദൂരം ഇരുവശത്തും എത്ര മീറ്റർ വീതമാണ് ഏറ്റെടുക്കുന്നത് ; അതിനുള്ള നടപടികൾ ചെയ്തോ ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാകും ;

(സി) പ്രസ്തുത പ്രദേശത്ത് റോഡിന് ഇരുവശത്തും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത പ്രദേശത്ത് നിലവിൽ എത്ര കെട്ടിടങ്ങൾ വീതി കൂട്ടലിനായി പൊളിക്കേണ്ടിവരും ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മേൽപ്പറഞ്ഞിരിക്കുന്ന ദൂരത്തിൽ റോഡിൽ എത്ര കൊടും വളവുകൾ നിർണ്ണയിച്ചിട്ടുണ്ട് ; ഈ ഭാഗങ്ങളിൽ കൂടുതലായി സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) എൻ.എച്ച്. 220, പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി കോറിഡോർ അപ്രോച്ച് മുഖാന്തിരം ഘട്ടം ഘട്ടമായി കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി 2015-16 വാർഷിക പദ്ധതിയിൽ (Corridor Approach) ഉൾപ്പെടുത്തി കോട്ടയം മുതൽ മുണ്ടക്കയം വരെ വീതി കൂട്ടുന്നതിനായുള്ള ഫീസിബിലിറ്റി സ്റ്റഡിക്കായി ഒരു കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനായുള്ള വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കി കഴിഞ്ഞാൽമാത്രമേ ഇക്കാര്യം നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(സി) ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല.

(ഡി) വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കിയാൽ മാത്രമേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) ഡി.പി.ആർ. തയ്യാറാക്കിയാൽ മാത്രമേ ഇക്കാര്യം നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. കഴിവതും കൊടുംവളവുകൾ ഒഴിവാക്കിയായിരിക്കും അലൈൻമെന്റ് പരിഷ്കരിക്കുക.

(നക്ഷത്രചിഹ്നമിടാത്ത 5066, 5068, 5070, 5081, 5085, 5092, 5098, 5104, 5116, 5120, 5140, 5144, 5159, 5169, 5178, 5179, 5180, 5181, 5182, 5183, 5184, 5213, 5223, 5233 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly